# അപ്പാർട്ട്മെന്റ് ഉടമസ്ഥരുടെ സംഘടനയ്ക്ക് ഉപഭോക്തൃ ഫോറത്തിൽ പരാതി നല്കാൻ അവകാശമില്ല

## സുപ്രീം കോടതി

C.A. No. 1118/2016 Dt. 14.2.2020

ശോഭ ഹിബിസ്കസ് കൊൺഡൊമീനിയം
x
ശോഭ ഡവലപ്പ്മെന്റ് ലിമിറ്റഡ്

ശോഭ ഹിബിസ്കസ് എന്ന പാർപ്പിട സമുച്ചയം പണിതുകൊടുത്തത് ശോഭ ഡവലപ്പ്മെന്റ് എന്ന കമ്പനിയാണ്. അതിലെ ഫ്ളാറ്റുകൾ വാങ്ങിയവർ അപ്പാർട്ട്മെന്റ് നിയമപ്രകാരം സംഘടന രൂപീകരിച്ച് രജിസ്റ്റർ ചെയ്തു. കമ്പനിയും താമസക്കാരും തമ്മിൽ കോടിക്കണക്കിന് രൂപ ഉൾപ്പെട്ട ഉപഭോക്തൃ തർക്കം ഉടലെടുത്തു. താമസക്കാർ കമ്പനിക്കെതിരെ ഒറ്റയ്ക്കൊറ്റയ്ക്ക് പരാതി നല്കുന്നതിനു പകരം അവരുടെ സംഘടന എല്ലാ താമസക്കാർക്കും വേണ്ടി ദേശീയ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ മുമ്പാകെ പരാതി നല്കി. പരാതി നല്കാൻ സംഘടനയ്ക്ക് നിയമപ്രകാരം അവകാശമില്ലെന്നും പരാതി തള്ളിക്കളയണമെന്നും കമ്പനി വാദിച്ചു. തങ്ങളുടെ സംഘടന അപ്പാർട്ട്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘടനയായതിനാൽ പരാതി നല്കാൻ അവകാശമുണ്ടെന്ന് സംഘടന വാദിച്ചു. ഉപഭോക്തൃകമ്മീഷനിൽ പരാതി നല്കാൻ ഉപഭോക്താവിനു മാത്രമേ അവകാശമുള്ളൂവെന്നും ഉപഭോക്താവ് എന്നതിന്റെ നിർവ്വചനത്തിൽ അപ്പാർട്ട്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘടന ഉൾപ്പെടില്ലെന്നും ചൂണ്ടിക്കാട്ടിയ ദേശീയ ഉപഭോക്തൃ കമ്മീഷൻ സംഘടനയുടെ പരാതി തള്ളിക്കളഞ്ഞു. ഇതിനെതിരെ സംഘടന സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ഏതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘടനയ്ക്ക് ഉപഭോക്തൃ വേദികളിൽ പരാതി സമർപ്പിക്കാൻ നിയമപ്രകാരം അവകാശമുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സംഘടന ദേശീയ ഉപഭോക്തൃ കമ്മീഷന്റെ ഉത്തരവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടു. നിയമാനുസൃതം രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകൾക്ക് മാത്രമേ ഉപഭോക്തൃ പരാതികൾ നല്കാനാവൂ എന്ന് സുപ്രീം കോടതി നിരീക്ഷിച്ചു. അപ്പാർട്ട്മെന്റ് നിയമമനുസരിച്ച് ഒരു പാർപ്പിട സമുച്ചയത്തിലെ അപ്പാർട്ട്മെന്റുകളുടെ ഉടമസ്ഥർ സംഘടന രൂപീകരിച്ച് രജിസ്ട്രേഷൻ നടത്താൻ നിർബ്ബന്ധിതരാണെന്നും അപ്രകാരം രൂപീകരിച്ച സംഘടന സന്നദ്ധ സംഘടനയോ ഉപഭോക്തൃ സംഘടനയോ അല്ലെന്ന് സുപ്രീം കോടതി വിലയിരുത്തി. സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്കു മാത്രമേ ഉപഭോക്തൃ പരാതികൾ സമർപ്പിക്കാനാവൂ എന്ന് സുപ്രീം കോടതി ചൂണ്ടിക്കാട്ടി. അപ്പാർട്ട്മെന്റ് നിയമപ്രകാരം നിർബ്ബന്ധിതമായി രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ സംഘടന സന്നദ്ധ ഉപഭോക്തൃ സംഘടനയല്ലാത്തതിനാൽ ദേശീയ ഉപഭോക്തൃ കമ്മീഷൻ മുമ്പാകെ പരാതി നല്കാൻ സംഘടനയ്ക്ക് അവകാശമില്ലെന്ന് പ്രഖ്യാപിച്ച സുപ്രീം കോടതി ദേശീയ ഉപഭോക്തൃ കമ്മീഷന്റെ വിധി ശരിവയ്ക്കുകയും അപ്പാർട്ട്മെന്റ് ഉടമസ്ഥരുടെ സംഘടനയുടെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.